**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4986** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കൻഡറി - വൊക്കേഷണൽ ഹയർസെക്കൻഡറി ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 അധ്യയന വർഷം ഗവൺമെന്റ്, എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; | (എ) | 2024-25 അധ്യയന വർഷത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ<br>സർക്കാർ - 17847<br>എയ്ഡഡ് - 9469 |
| (ബി) | ഒരു കോഴ്സിൽ മിനിമം വേണ്ട കുട്ടികളുടെ എണ്ണത്തിൽ കുറവുള്ള സ്കൂളുകൾ ഉണ്ടോ; ഉണ്ടെങ്കിൽ സർക്കാർ, എയ്ഡഡ് എന്നിവ എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | (ബി) | ഉണ്ട്<br>വിഭാഗം സ്കൂൾ ബാച്ച്<br>സർക്കാർ 30 40<br>എയ്ഡഡ് 9 11 |
| (സി) | വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ സയൻസ് വിഷയങ്ങൾക്ക് ഹയർ സെക്കൻഡറി സ്കൂളുകൾക്ക് സമാനമായ ലാബ് സൗകര്യങ്ങൾ ഉണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ വി എച്ച് എസ് സ്കൂളുകളിൽ സയൻസ് ബാച്ചുകൾ അനുവദിച്ചിട്ടുള്ള എല്ലാ സ്കൂളുകളിലും കോഴ്സ് കരിക്കുലം അനുസരിച്ച് പ്രാക്ടിക്കൽ പാഠങ്ങൾ പരിശീലിപ്പിക്കു ന്നതിന് ലബോറട്ടറി സൗകര്യങ്ങൾ നിലവിലുണ്ട്. എല്ലാ ലാബുകളും ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബുകൾക്ക് സമാനമായതോ ഉയർന്ന നിലവാരത്തിലുള്ളതോ ആണ്. |
| (ഡി) | ലാബ് സൗകര്യങ്ങളുടെ കാര്യത്തിൽ കൃത്യമായ പരിശോധന വകുപ്പ് തലത്തിൽ നടത്താറുണ്ടോ; വിശദമാക്കുമോ; | (ഡി) | വകുപ്പ് തലത്തിൽ 7 മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും പ്രധാന കർത്തവ്യങ്ങളിലൊന്നായ അക്കാദമിക മോണിട്ടറിംഗിന്റെ ഭാഗമായി സ്കൂളുകളിലെ ലാബ് സൗകര്യങ്ങളുടെ പരിശോധന നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ ഡയറക്ടറേറ്റിൽ നിന്നും പരിശോധനകൾ നടത്തി വരുന്നു. |
| (ഇ) | ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലകളുടെ ഏകീകരണം അടുത്ത അധ്യയന വർഷം നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ